# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 ഒക്ടോബർ 8

# വാർത്താക്കുറിപ്പ്

## പ്രൊഫ. സാബു തോമസിന് സൈബീരിയൻ ഫെഡറൽ യൂണിവേഴ്സിറ്റിയുടെ ബഹുമതി

മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലറും പോളിമർ-നാനോ ശാസ്ത്ര-സാങ്കേതിക മേഖലകളിലെ പ്രമുഖ ശാസ്ത്രജ്ഞനും ഗവേഷകനുമായ പ്രൊഫ. സാബു തോമസിനെ റഷ്യയിലെ സൈബീരിയൻ ഫെഡറൽ യൂണിവേഴ്സിറ്റി 'ഓണേഡ് പ്രൊഫസർഷിപ്പ്' ബഹുമതി നൽകി ആദരിച്ചു. സർവകലാശാല ഒരു വ്യക്തിക്ക് നൽകുന്ന ഏറ്റവും ഉയർന്ന ബഹുമതിയാണിത്. ഇന്ത്യയും റഷ്യയും സംയുക്തമായി നടത്തുന്ന ഗവേഷണ പദ്ധതികളുമായി ബന്ധപ്പെട്ട് പ്രൊഫ. സാബു തോമസ് ഒക്ടോബർ അഞ്ചുമുതൽ റഷ്യയിൽ സന്ദർശനം നടത്തിവരികയാണ്.

പോളിമെറിക് മെംബ്റെയ്ൻ ഉപയോഗിച്ച് രാസവളങ്ങളും കീടനാശിനികളും ഏറ്റവും ഫലപ്രദമായി ചെടികളിലേക്കെത്തിക്കുന്നതിനുള്ള ഗവേഷണ പദ്ധതിയിൽ മഹാത്മാഗാന്ധി സർവകലാശാലയും സൈബീരിയൻ ഫെഡറൽ യൂണിവേഴ്സിറ്റിയും പങ്കാളികളാണ്. മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നുള്ള രണ്ട് ഗവേഷകർ ഇതിന്റെ ഭാഗമായി സൈബീരിയൻ ഫെഡറൽ സർവകലാശാലയിൽ നടക്കുന്ന ഗവേഷണ പദ്ധതിയുടെ ഭാഗഭാക്കാവും. അവിടെനിന്നുള്ള റഷ്യൻ ഗവേഷകർ നവംബറിൽ മഹാത്മാഗാന്ധി സർവകലാശാല സന്ദർശിക്കുന്നതിനും പരിപാടിയായിട്ടുണ്ട്. രണ്ട് സർവകലാശാലകളിൽ നിന്നുമുള്ള ഗവേഷകർ സംയുക്തമായി ശാസ്ത്രപ്രബന്ധങ്ങളും, ശാസ്ത്രഗ്രന്ഥങ്ങളും തയാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്ന് പ്രൊഫ. സാബു തോമസ് അറിയിച്ചു. ഇരു സർവകലാശാലകളും ചേർന്ന് സംഘടിപ്പിക്കുന്ന മൂന്നാമത്തെ അന്തർദ്ദേശീയ കോൺഫറൻസ് ഒക്ടോബർ 10ന് നടക്കും. ഓൺലൈനായി സംഘടിപ്പിച്ചിട്ടുള്ള കോൺഫറസ് പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. ഒക്ടോബർ 15 വരെ പ്രൊഫ. സാബു തോമസ് വിവിധ ഔദ്യോഗിക പരിപാടികളുമായി റഷ്യയിൽ ഉണ്ടാകും.

(പി.ആർ.ഒ/39/1059/2021)

## അപേക്ഷ തീയതി

നാലാം സെമസ്റ്റർ സി.ബി.സി.എസ്. സൈബർ ഫോറൻസിക് (2019 അഡ്മിഷൻ റഗുലർ) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഒക്ടോബർ 18 മുതൽ 21 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 22 മുതൽ 23 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 24 മുതൽ 25 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1060/2021)

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിലെ രണ്ടുമുതൽ നാലുവരെ സെമസ്റ്റർ എം.എഫ്.എ. (2019 അഡ്മിഷൻ - റഗുലർ, രണ്ടാം വർഷം - 2019 അഡ്മിഷൻ വരെ സപ്ലിമെന്ററി) തിയറി പരീക്ഷകൾക്ക് പിഴയില്ലാതെ ഒക്ടോബർ 20 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 22 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 25 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1061/2021)

## പരീക്ഷ തീയതി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് നടത്തുന്ന രണ്ടാം സെമസ്റ്റർ

ഒന്നും രണ്ടും സെമസ്റ്റർ എം.എസ് സി. (പ്രൈവറ്റ് രജിസ്ട്രേഷൻ - 2018, 2017, 2016, 2015 അഡ്മിഷൻ - സപ്ലിമെന്ററി/2014 അഡ്മിഷൻ മേഴ്സി ചാൻസ്) 2004-2011 അഡ്മിഷൻ - (നോൺ സി.എസ്.എസ്. റഗുലർ - കോളേജ് സ്റ്റഡി) അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ് 2018 - റിസർച്ച് മെതഡോളജി എന്ന പേപ്പറിന്റെ പരീക്ഷ ഒക്ടോബർ 25ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ നടക്കും. പരീക്ഷകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/1063/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ് സി. കമ്പ്യൂട്ടർ സയൻസ് 2021-23 ബാച്ചിൽ എസ്.സി. സംവരണ വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. എം.ജി. സർവകലാശാല അംഗീകരിച്ച ബി.എസ് സി. കമ്പ്യൂട്ടർ സയൻസ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ ബി.സി.എ. അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് മുഖ്യ വിഷയമായുള്ള മറ്റേതെങ്കിലും ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ അസൽ രേഖകൾ സഹിതം ഒക്ടോബർ 21 ന് രാവിലെ 11ന് നേരിട്ട് ഹാജരാകണം. ഫോൺ: 9947745617.

(പി.ആർ.ഒ/39/1064/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ 2021-22 അധ്യയന വർഷത്തെ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (എം.ടി.ടി.എം) പ്രോഗ്രാമിൽ എസ് സി വിഭാഗത്തിൽ രണ്ടും എസ് ടി വിഭാഗത്തിൽ ഒന്നും സീറ്റൊഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് യോഗ്യത. താല്പര്യമുള്ള വിദ്യാർഥികൾ അസൽ രേഖകളുമായി ഒക്ടോബർ 12ന് രാവിലെ 11 ന് പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2732922, 9847700527

(പി.ആർ.ഒ/39/1065/2021)

## എം.എസ് സി. സൈക്കോളജി പ്രവേശനം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ 2021-22 അക്കാദമിക വർഷത്തെ എം.എസ് സി. സൈക്കോളജി കോഴ്സിനുള്ള പ്രവേശന നടപടികൾ ഒക്ടോബർ 20ന് നടക്കും. പ്രവേശന നടപടികൾ സംബന്ധിച്ച് വിദ്യാർഥികൾക്ക് ഇ-മെയിൽ അയച്ചിട്ടുണ്ട്. വിശദാംശങ്ങൾ www.sobs.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2731034.

(പി.ആർ.ഒ/39/1066/2021)

## എം.എസ് സി. കമ്പ്യൂട്ടർ സയൻസ് പ്രവേശനം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ് സി. കമ്പ്യൂട്ടർ സയൻസ് 2021-23 ബാച്ച് പ്രവേശനത്തിന് അർഹത നേടിയ വിദ്യാർഥികളുടെ പട്ടിക പ്രസിദ്ധീകരിച്ചു. പട്ടിക www.mgu.ac.in എന്ന വെബ് സൈറ്റിൽ പരിശോധിക്കാം.

(പി.ആർ.ഒ/39/1067/2021)

## പരീക്ഷഫലം

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. സുവോളജി (റഗുലർ/സപ്ലിമെന്ററി/ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1068/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. (റഗുലർ, സപ്ലിമെന്ററി) എം.എസ് സി. ഇലക്ട്രോണിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1069/2021)

2020 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1070/2021)

## പെൻഷൻകാർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കണം

മഹാത്മാഗാന്ധി സർവകലാശാല പെൻഷൻകാർക്ക് 2021ലെ ലൈഫ് സർട്ടിഫിക്കറ്റ് ഒക്ടോബർ 11 മുതൽ www.jeevanpramaan.gov.in എന്ന വെബ് സൈറ്റിലൂടെ സമർപ്പിക്കാം. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ലൈഫ് സർട്ടിഫിക്കറ്റുകൾ കഴിയുന്നതും ഓൺലൈനായി തന്നെ സമർപ്പിക്കുന്നതിന് ശ്രദ്ധിക്കണമെന്ന്

സർവകലാശാലാ ധികൃതർ അഭ്യർത്ഥിച്ചു.. ഏതെങ്കിലും സാഹചര്യത്തിൽ ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്താൻ സാധിക്കാത്തവർക്ക് സർവകലാശാല വെബ് സൈറ്റിലുള്ള ഫോറം ഡൗൺലോഡ് ചെയ്തെടുത്തും ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാം. ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനോടൊപ്പം പെൻഷണർമാർ സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നില്ല എന്ന സത്യവാങ്മൂലവും നിശ്ചിത ഫോറത്തിൽ നൽകണം. ലൈഫ് സർട്ടിഫിക്കറ്റും സത്യവാങ്മൂലവും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നവംബർ 15.

(പി.ആർ.ഒ/39/1071/2021)

## സ്പോട് അഡ്മിഷൻ ഇന്റർവ്യൂ 12 ന്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർ നാഷണൽ റിലേഷൻസ് ബിരുദാനന്തര ബിരുദ കോഴ്സിൽ എസ്.ടി. വിഭാഗത്തിൽ ഒഴിവുള്ള ഒരു സീറ്റിലേക്ക് സ്പോട് അഡ്മിഷനുള്ള ഇന്റർവ്യൂ ഒക്ടോബർ 12ന് രാവിലെ 11ന് പഠനവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നടക്കും. താല്പര്യമുള്ളവർ അസൽ യോഗ്യതാ രേഖകളുമായി എത്തണം.

(പി.ആർ.ഒ/39/1072/2021)

## സ്പോട് അഡ്മിഷൻ രജിസ്ട്രേഷൻ 18 ന്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ 2021-22 അധ്യയന വർഷത്തിലെ എം.എ. ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെന്റ് സ്റ്റഡീസ് എന്നീ വിഷയങ്ങളിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട് അഡ്മിഷനുള്ള രജിസ്ട്രേഷൻ ഒക്ടോബർ 18ന് നടക്കും. സി.എ.റ്റി പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് പഠനവകുപ്പ് ഓഫീസിലെത്തി രജിസ്ട്രേഷൻ നടത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731039.

(പി.ആർ.ഒ/39/1073/2021)

## ലോക മാനസികാരോഗ്യദിനം; ശില്പശാല ഇന്ന് (ഒക്ടോബർ 9)

മഹാത്മാഗാന്ധി സർവകലാശാല സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതിയുടെ ആഭിമുഖ്യത്തിൽ ലോകമാനസികാരോഗ്യദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ഏകദിന ശില്പശാല ഇന്ന് (ഒക്ടോബർ 9) രാവിലെ ഒൻപതിന് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചാൻസലർ ഡോ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് സെമിനാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ ഡോ. റോബിനറ്റ് ജേക്കബ് അധ്യക്ഷത വഹിക്കും. ഡോ. നെല്ലിമൂട് എച്ച്.സി. കുമാറിന്റെ തെരഞ്ഞെടുത്ത കവിതകളുടെ സമാഹാരം ചടങ്ങിൽ റവ. ഡോ. കെ.എം. ജോർജ് പ്രകാശനം ചെയ്യും. ഡോ. സി.തോമസ് എബ്രഹാം മുഖ്യപ്രഭാഷണം നടത്തും. ഡോ. പി.റ്റി. ബാബുരാജ്, ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, മഞ്ജുഷ കെ.എ., സ്വാതിമോൾ പി.എസ്. തുടങ്ങിയവർ സംസാരിക്കും.

(പി.ആർ.ഒ/39/1074/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ